**പതിനാലാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)

## 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2016 ഒക്ടോബർ 17-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# പബ്ലിക് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)

**2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

1069/2016.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | I |

# സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015-2016-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികൾ 2016 ഒക്ടോബർ 3-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഭാഗം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ പട്ടിക ഭാഗം II ആയും ചേർത്തിരിക്കുന്നു.

2016 ഒക്ടോബർ 3-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2016 ഒക്ടോബർ 3.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും മറുപടി ലഭിക്കാനുള്ള ശിപാർശകൾ സംബന്ധിച്ച വിവരവും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി II-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 മേയ് 13-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളെ സംബന്ധിക്കുന്ന 31 ശിപാർശകളും ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട 6 ശിപാർശകളുമാണുണ്ടായിരുന്നത്. ലീഗൽ മെട്രോളജി വകുപ്പ് നിലവിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രിയുടെ ചുമതലയിലായതിനാൽ പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ 07.07.2016-ലെ ബുള്ളറ്റിൻ ഭാഗം 2 നമ്പർ 25 പ്രകാരം സബ്ജക്ട് കമ്മിറ്റി XI-ന് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ട 27-30, 33, 34 എന്നീ ശിപാർശകൾ ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ സബ്ജക്ട് കമ്മിറ്റി II-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള അനന്തര നടപടി സ്റ്റേറ്റ്മെന്റുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ 30-10-2016-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1069/2016.

## ഭാഗം I

**2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

### ശിപാർശ

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകാനുള്ളതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 75 ലക്ഷം രൂപയും വില്ലേജ് ഓഫീസുകളിൽ സ്ത്രീ ജീവനക്കാർക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിലുള്ള ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിനും ഇന്ധന ചെലവിനുമായി 10 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ 2015-16-ലെ 5-ാമത് റിപ്പോർട്ടിലെ 2-ാം നമ്പർ ശിപാർശയിന്മേൽ നടപടി സ്വീകരിച്ച് 2015-16 സാമ്പത്തിക വർഷത്തിലെ രണ്ടാമത്തേയും മൂന്നാമത്തേയും ഉപധനാഭ്യർത്ഥനയിൽ വില്ലേജ് ജീവനക്കാർക്ക് 75 ലക്ഷം രൂപ Tour TA ഇനത്തിൽ വകയിരുത്തുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും ആയത് ലഭിക്കുകയുണ്ടായില്ല. എന്നാൽ 08-01-2016-ലെ സ.ഉ(സാധാ)നം. 182/2016/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 20 ലക്ഷം രൂപയുടെ അഡീഷണൽ ഓതറൈസേഷൻ ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി തുക എല്ലാ ജില്ലകൾക്കും വിതരണം ചെയ്തിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നം. 46893/റ്റി2/2015/ആർഡി തീയതി 07.04.2016)

## ശിപാർശ

പ്രകൃതി ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ഏജൻസികളുടെ ഏകോപനം, ദുരന്തങ്ങളുടെ സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കൽ, ദുരന്ത നിവാരണ പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, മാർഗ്ഗനിർദ്ദേശങ്ങൾ, പ്രചാരണ പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകളുടെയും ജില്ലാതല ദുരന്ത നിവാരണ ഏജൻസികളുടെയും പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു നടത്തിവരുന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കായി മേൽ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകയാൽ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും ഓഫീസിന്റെ ഭരണപരമായ ചെലവിലേയ്ക്കുമായി 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സ്വീകരിച്ച നടപടി

സംസ്ഥാന ബജറ്റിലെ പദ്ധതിയേതര ശീർഷകമായ 2053-00-094-51-SDMA(NP.V), ലാന്റ് റവന്യൂ കമ്മീഷണറുടെ നിയന്ത്രണത്തിൻ കീഴിലുള്ളതും ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിലെ ഡെപ്യൂട്ടി കളക്ടർമാരുടെ ശമ്പളം പിൻവലിക്കുന്നതിനുള്ളതുമാണ്. സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിലെ മറ്റ് ജീവനക്കാരുടെ ശമ്പളം നിലവിൽ റവന്യൂ സെക്രട്ടറിയുടെ കീഴിലുള്ള Disaster Management-Mitigation & Rehabilitation എന്ന പദ്ധതി ശീർഷകത്തിൽ നിന്നാണ് വഹിച്ചുവരുന്നത്. മേൽ രണ്ട് ശീർഷകങ്ങളും സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്.

ദുരന്ത നിവാരണവും മുന്നൊരുക്കവും പുനരധിവാസവും എന്ന പദ്ധതിയിൽ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗ് എന്ന ഉപവിഭാഗം ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിലെ ജീവനക്കാർ റവന്യൂ സെക്രട്ടറിയുടെ നിയന്ത്രണത്തിൻ കീഴിലാണ്. മേൽ സാഹചര്യത്തിൽ സ്റ്റേറ്റ്

ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളം " 2053-00-094-50-Disaster Management, Mitigation and Rehabilitation" എന്ന ശീർഷകത്തിലെ പദ്ധതി വിഹിതത്തിലെ Institutional Strengthening എന്ന വിഭാഗത്തിൽ നിന്നും പിൻവലിക്കുന്ന നിലവിലുള്ള രീതി തുടരുന്നതിനാൽ മേൽ ശീർഷകത്തിൽ നോൺപ്ലാൻ ഇനത്തിൽ തുക അനുവദിക്കാൻ നിർവ്വാഹമില്ല. പ്രസ്തുത വിവരം സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 46992/കെ4/2015/ഡി.എം.ഡി തീയതി 19.05.2016)

## ശിപാർശ

ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുള്ള ജീവനക്കാർക്ക് ശമ്പളത്തിനായി പ്രതിവർഷം 67.20 ലക്ഷം രൂപ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 40.12 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ 27.08 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

## ശിപാർശ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ ദേശീയ നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രമായും ലാന്റ് ഗവേണൻസ് ഡിസാസ്റ്റർ മാനേജ്മെന്റ് മേഖലയിലെ സർവ്വകലാശാലയായും മാറ്റുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ മേൽ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 4.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**ശിപാർശ**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ പ്രതിദിനം ഇരുനൂറോളം ജീവനക്കാർ പരിശീലത്തിനായി എത്തുന്നുണ്ട്. ഇവർക്ക് താമസിക്കുന്നതിനായി ഹോസ്റ്റലുകളും ക്വാർട്ടേഴ്സുകളും അനുബന്ധകെട്ടിടങ്ങളും ഇൻസ്റ്റിറ്റ്യൂട്ടിലുണ്ട്. ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 22 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതിയേതര ഇനത്തിൽ ഈ വർഷം വകയിരുത്തിയത് 17.56 ലക്ഷം രൂപ മാത്രമാണ്. ആകയാൽ 4.44 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**സ്വീകരിച്ച നടപടി**

ഖണ്ഡിക 15, 16, 17 ശിപാർശകളിലെ ശീർഷകങ്ങളിൽ 2015-16 വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക പൂർണ്ണമായും ചെലവഴിച്ച ശേഷം ഗ്രാന്റിനുള്ളിൽ നിന്നും savings കണ്ടെത്തി re-appropriation proposal സമർപ്പിക്കുന്ന മുറയ്ക്ക് അധികതുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 46992/കെ4/2015/ഡി.എം.ഡി തീയതി 19.05.2016)

**ശിപാർശ**

കൊച്ചിൻ ദേവസ്വം ബോർഡിന് നിലവിൽ ഗ്രാന്റ് ഇനത്തിലോ മറ്റോ ധനസഹായം ഒന്നും ലഭിക്കുന്നില്ലായെന്നും കേവലം 1000/- രൂപ മാത്രമാണ് മേൽ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിരിക്കുന്നതെന്നും ആയതിനാൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ദേവീ ക്ഷേത്രത്തിന്റെ വികസനത്തിനായി ഒരു മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനും പ്രസ്തുത ദേവീ ക്ഷേത്ര പരിസരത്ത് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കുമായി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

## സ്വീകരിച്ച നടപടി

ഇക്കാര്യത്തിൽ ദേവസ്വം വകുപ്പിൽ നിന്നും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് അനുമതി നൽകിയില്ല. എന്നാൽ ചോറ്റാനിക്കര ദേവീ ക്ഷേത്ര പരിസരത്ത് ഒരു മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് 5 കോടി രൂപ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 46961/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

## ശിപാർശ

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന ഇനത്തിൽ കേവലം 1000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 1000/- രൂപ തുലോം അപര്യാപ്തമാകയാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## സ്വീകരിച്ച നടപടി

ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു വെങ്കിലും ധനകാര്യ വകുപ്പ് 2016-17 ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 46961/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

## ശിപാർശ

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 1804 ആചാരസ്ഥാനികർക്കും 367 കോലധാരികൾക്കും അനുവദിച്ചിട്ടുള്ള സഹായധനം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

## സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള ഒരു കോടിക്ക് പുറമെ 2 കോടി രൂപ കൂടി അധികമായി അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 2016-17 ബഡ്ജറ്റിൽ നിലവിലെ 1 കോടി രൂപ മാത്രമെ ധനകാര്യ വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളൂ.

(സർക്കാർ കത്ത് നം. 4696I/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

## ശിപാർശ

മലബാർ ദേവസ്വം ബോർഡിന് കീഴിൽ സ്ഥാപിച്ച ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനത്തിനായി ബഡ്ജറ്റിൽ യാതൊന്നും വകയിരുത്താത്തതിനാൽ ഈ ഇനത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## സ്വീകരിച്ച നടപടി

ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ ബഡ്ജറ്റിൽ (2016-17) ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 4696I/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

## ശിപാർശ

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പുരാവസ്തു ശേഖരങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

നിധിശേഖരത്തിന്റെ കണക്കുകൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിലെ ഉദ്യോഗസ്ഥരുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതിനാൽ ഇവരുടെ പ്രവർത്തനത്തിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ 2015-16-ൽ പ്രസ്തുത ശീർഷകത്തിൽ 1,81,61,000/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 46961/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

**ശിപാർശ**

ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതിയുടെ പ്രവർത്തനം തുടരാൻ ബഹു. സുപ്രീംകോടതി ഉത്തരവ് നൽകിയതിന്റെ പശ്ചാത്തലത്തിൽ ആയതിന്റെ പ്രവർത്തനങ്ങൾക്കായി മേൽ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 2015-16 കാലയളവിൽ 10,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 46961/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

## ശിപാർശ

കണിച്ചുകുളങ്ങര ക്ഷേത്രത്തിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് മുൻവർഷം ഒരു കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും ധനകാര്യ വകുപ്പിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി ലഭിച്ചിരുന്നില്ല. പ്രസ്തുത പശ്ചാത്തലത്തിൽ മേൽ ശീർഷകത്തിൽ 1.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

## സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാർ ഉത്തരവ് (സാധാ) നം. 4316/2015/ആർഡി പ്രകാരം 25,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 4696I/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

## ശിപാർശ

സംസ്ഥാനത്ത് ക്ഷേത്രങ്ങളോട്ടു ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി തൻവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആകയാൽ മേൽ ശീർഷകത്തിൽ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

## സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 9 കോടി രൂപ അധികമായി അനുവദിച്ചുതരണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല.

(സർക്കാർ കത്ത് നം. 4696I/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

## ശിപാർശ

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കും സാനിറ്റേഷൻ സൊസൈറ്റിയുടെ കീഴിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും ശുചീകരണ സേനയിലെ ജീവനക്കാർക്ക് ദിവസ വേതനം നൽകുന്നതിനും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്നും മുൻവർഷങ്ങളിൽ പ്രസ്തുത ശീർഷകത്തിൽ നിന്നും അനുവദിച്ച തുക തികയാത്തതിനാൽ ശബരിമല സാനിറ്റേഷൻ പദ്ധതിക്കായി സീറോ വേസ്റ്റ് പദ്ധതിക്ക് അനുവദിച്ച തുകയിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

## സ്വീകരിച്ച നടപടി

ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്ക് 2015-16 കാലയളവിൽ 2,24,29,000/- രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 കാലയളവിൽ പ്രസ്തുത ശീർഷകത്തിൽ 1,05,38,000/- രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 46961/ദേവ.2/2015/ആർ.ഡി തീയതി 13.05.2016)

## ശിപാർശ

മുൻ ജന്മി പെൻഷൻ 1,500 രൂപയിൽ നിന്നും 3,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 76,64,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

3475-00-201-93 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 18,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച വ്യക്തമായ കണക്കുകളുടെ അടിസ്ഥാനത്തിൽ കൂടുതലായി 57,74,000 രൂപ വകയിരുത്തുന്നതിന് സെക്രട്ടറി, ലാൻഡ് ബോർഡ് ശിപാർശ സമർപ്പിക്കുകയും 15.03.2016-ലെ ജി.ഒ (ആർ.റ്റി) നമ്പർ 2365/16/ഫിൻ ഉത്തരവ് പ്രകാരം 57,74,000 രൂപ വിനിയോഗിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ ലഭിക്കുകയും ടി തുക ജില്ലാ കളക്ടർമാർ മുഖേന പെൻഷൻ സ്വീകരിച്ചുവരുന്ന മുൻ ജന്മിമാർക്ക് വിതരണം ചെയ്തിട്ടുമുണ്ട്.

(സർക്കാർ കത്ത് നം. 29507/എൻ.1/2015/റവന്യൂ തീയതി 17.08.2016)

**ശിപാർശ**

ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് സിറ്റിംഗ് ഫീ നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തുലോം അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

ലാൻഡ് ബോർഡ് സെക്രട്ടറി സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ 15.03.2016-ലെ ജി.ഒ (ആർ.റ്റി) നമ്പർ 2365/16/ഫിൻ ഉത്തരവ് പ്രകാരം 25,000 രൂപ വിനിയോഗിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ ലഭിക്കുകയും ഈ തുക ലാന്റ് റിഫോംസ് റിവ്യൂ ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ സിറ്റിംഗ് ഫീ നൽകുന്നതിന് വിതരണം ചെയ്തിട്ടുമുണ്ട്.

(സർക്കാർ കത്ത് നം. 29507/എൻ.1/2015/റവന്യൂ തീയതി 17.08.2016)

## ശിപാർശ

മിച്ചഭൂമി സംരക്ഷണത്തിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## സ്വീകരിച്ച നടപടി

15.03.2016-ലെ ജി.ഒ (ആർ.റ്റി) നമ്പർ 2365/16/ഫിൻ ഉത്തരവ് പ്രകാരം 20,00,000 രൂപ വിനിയോഗിക്കുന്നതിന് അഡീഷണൽ ഓതറൈസേഷൻ ലഭിക്കുകയും ടി തുക ജില്ലാ കളക്ടർമാർക്ക് അലോട്ട് ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി, ലാൻഡ് ബോർഡ് അറിയിച്ചിട്ടുമുണ്ട്.

(സർക്കാർ കത്ത് നം. 29507/എൻ.1/2015/റവന്യൂ തീയതി 17.08.2016)

## ഭാഗം II

## 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ശിപാർശകൾ

| ധനാഭ്യർത്ഥന നമ്പർ | ഖണ്ഡിക നം. | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|
| VI | 1, 3, 4, 5, 6, 7, 8, 9, 10, 11 | റവന്യൂ (എ), (ഇ), (എഫ്), (ആർ) |
| XI | 12, 13 | റവന്യൂ (എഫ്), (ജി) |
| പൊതു ശിപാർശകൾ | 31, 32 | റവന്യൂ (എഫ്) |

ഇ. ചന്ദ്രശേഖരൻ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി II

തിരുവനന്തപുരം,
2016 ഒക്ടോബർ 3.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.